Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

സർക്കുലർ: 5/18 ജൂൺ 23, 2018

എറണാകുളം - അങ്കമാലി അതിരൂപതാ കുടുംബാംഗങ്ങളായ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ, കുട്ടികളേ,

പരിശുദ്ധ സിംഹാസനം എറണാകുളം - അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആയി എന്നെ നിയമിച്ച വിവരം ഇതിനോടകം നിങ്ങൾ അറിഞ്ഞുകാണുമല്ലോ. നമ്മുടെ അതിരൂപത ഇപ്പോൾ കടന്നു പൊയ്ക്കൊണ്ടിരിക്കുന്ന പ്രതിസന്ധി രമ്യമായി പരിഹരിക്കാനുള്ള ഉത്തരവാദിത്വം ആണ് എന്നെ ഏല്പ്പിച്ചിരിക്കുന്നത്. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ സേദെ പ്ലേന എന്നാണ് എന്റെ തസ്തികയുടെ കാനോനികമായ പേര്. ഒരു രൂപതയുടെ മെത്രാന് തന്റെ അജപാലനദൗത്യനിർവ്വഹണത്തിൽ പ്രത്യേക തടസ്സങ്ങൾ ഉണ്ടായാൽ അദ്ദേഹത്തിന്റെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ താല്ക്കാലികമായി നിയമിക്കപ്പെടുന്ന വ്യക്തിയുടെ ഔദ്യോഗിക തസ്തികയാണിത്.

പാലക്കാട് രൂപതയുടെ മെത്രാൻ എന്ന നിലയിൽ എനിക്കുള്ള ഉത്തരവാദിത്വത്തിന് പുറമേയാണ് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ചുമതല എന്നെ ഏല്പ്പിച്ചിരിക്കുന്നത്. ഞാൻ ജനിച്ചതും വളർന്നതും വൈദികനും മെത്രാനും എന്ന നിലയിൽ 25 വർഷം ശുശ്രൂഷ ചെയ്തതും എറണാകുളം - അങ്കമാലി അതിരൂപതയിലാണ്. എന്റെ പുതിയ ദൗത്യം വളരെ ബുദ്ധിമുട്ടുള്ളതാണെന്ന് അറിയാമായിരുന്നിട്ടും ഞാൻ അത് സ്വീകരിച്ചത് അതിരൂപതയെ ആത്മാർത്ഥമായി സ്നേഹിക്കുന്നതുകൊണ്ടും അതിന്റെ നന്മ ആഗ്രഹിക്കുന്നതുകൊണ്ടും മാത്രമാണ്. മാർപ്പാപ്പയും സീറോ-മലബാർ മെത്രാൻ സിനഡും എന്നിൽ അർപ്പിച്ച വിശ്വാസത്തിനനുസരിച്ച് ഉയരാൻ ഞാൻ പരിശ്രമിക്കുന്നതാണ്. എന്റെ പരിശ്രമം വിജയകരമാകണമെങ്കിൽ ദൈവകൃപ എന്നോടൊപ്പമുണ്ടാകണം. അതിനാൽ നിങ്ങൾ ഈശോയുടെ തിരുഹൃദയത്തോടു എനിക്കുവേണ്ടിയും അതിരൂപതയ്ക്കുവേണ്ടിയും തീഗ്ണമായി പ്രാർത്ഥിക്കണം. അതുപോലെ തന്നെ നിങ്ങളുടെ നിർലോഭമായ സഹായസഹകരണവും ഉണ്ടാകണം. അതും ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.

ഈ പ്രതിസന്ധിയെ ഇനിയും ഒരു വിധത്തിലും സങ്കീർണ്ണമാക്കാതിരിക്കാനും അതിനെ ശാന്തമായി മറികടക്കാനും നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം. നമ്മുടെ വാക്കുകളെയും പ്രതികരണങ്ങളെയും പ്രവർത്തനങ്ങളെയും എല്ലാം നമുക്ക് നിയന്ത്രിക്കാം. അനാവശ്യ ചർച്ചകളും സംസാരങ്ങളും ആരുടെ ഭാഗത്തുനിന്നും ഉണ്ടാകാതിരിക്കട്ടെ. അതുപോലെ തന്നെ വാസ്തവമല്ലാത്ത കാര്യങ്ങൾ ഒന്നും പ്രചരിപ്പിക്കാതിരിക്കാം. മറ്റാരെല്ലാം എന്തെല്ലാം എഴുതിയാലും പറഞ്ഞാലും നമുക്ക് പ്രകോപിതരാകാതിരിക്കാം.

മാനസികമായ അകൽച്ച നമ്മുടെ ഇടയിൽ ഉണ്ടായിട്ടുണ്ടെങ്കിൽ പരസ്പരം ഗമിച്ച് നമ്മുക്ക് അനുരഞ്ജിതരാകാം. "ഒരാൾക്കു മറ്റൊരാളോട് പരിഭവമുണ്ടായാൽ പരസ്പരം ഗമിച്ച് സഹി

P.T.O.

ഷ്ണതയോടെ വർത്തിക്കുവിൻ. കർത്താവ് നിങ്ങളോട് ഗമിച്ചതുപോലെ നിങ്ങളും ഗമിക്കണം. സർവ്വോപരി, എല്ലാറ്റിനെയും കൂട്ടിയിണക്കി പരിപൂർണമായ ഐക്യത്തിൽ ബന്ധിക്കുന്ന സ്നേഹം പരിശീലിക്കുവിൻ" (കൊളോ. 3. 13-14). പൗലോസ് ശ്ലീഹായുടെ ഈ ഉദ്ബോധനം പൂർണ്ണഹൃദയത്തോടെ നമുക്ക് പാലിക്കാം. അപ്പോൾ "ക്രിസ്തുവിന്റെ സമാധാനം നമ്മുടെ ഹൃദയങ്ങളെ ഭരിക്കും" (കൊളോ. 3. 15) നമ്മുടെ കുടുംബങ്ങളെ ഭരിക്കും, നമ്മുടെ പൊതു കുടുംബമായ അതിരൂപതയെ ഭരിക്കും.

അതിരൂപതയുടെ ഭരണ ചുമതല പ്രത്യേക വിധത്തിൽ ഞാൻ നിർവ്വഹിക്കുമ്പോഴും അഭിവന്ദ്യ ആലഞ്ചേരി പിതാവ് തന്നെയാണ് എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്താ. വി. കുർബാനയിലും മറ്റു പ്രാർത്ഥനകളിലും തുടർന്നും അദ്ദേഹത്തിന്റെ പേര് അനുസ്മരിക്കേണ്ടതാണ്.

എന്റെ ഉത്തരവാദിത്വങ്ങൾ വിജയകരമായി നിർവ്വഹിക്കാൻ ഏറ്റം ആവശ്യമായിരിക്കുന്നത് അതിരൂപതാകച്ചേരിയാണ്. പരിശുദ്ധ സിംഹാസനത്തിന്റെ പുതിയ തീരുമാനമനുസരിച്ച് ഇപ്പോൾ നിലവിലുള്ള തസ്തികകളിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്നവർക്ക് പകരം പുതിയവർ നിയമിക്കപ്പെടണം. അതിനാൽ, എന്നെ സഹായിക്കാനായി മറിച്ചൊരു തീരുമാനമുണ്ടാകുന്നതുവരെ പ്രൊ പ്രോട്ടോ സിഞ്ചെല്ലൂസ് ആയി പൊട്ടക്കൽ ബഹുമാനപ്പെട്ട വർഗീസ് അച്ചനെയും പ്രൊ ഫിനാൻസ് ഓഫീസറായി മാണിക്കത്താൻ ബഹു. സെബാസ്റ്റ്യൻ അച്ചനെയും പ്രൊ ചാൻസലറായി പൊള്ളയിൽ ബഹു. ജോസ് അച്ചനെയും പ്രൊ വൈസ് ചാൻസലറായി ബഹു. വർഗീസ് (ബിജു) പെരുമായനച്ചനെയും നിയമിച്ചിട്ടുണ്ട്.

ഞാൻ ജൂൺ 25 മുതൽ പത്തുദിവസത്തേയ്ക്ക് അതിരൂപതയിലുണ്ടായിരിക്കുകയില്ല. ഞാൻ നേരത്തെ ഏറ്റെടുത്ത പരിപാടികൾക്കായി വിദേശത്തായിരിക്കും. റോമിലെ സഭാധികാരികളുമായി കാര്യങ്ങൾ ചർച്ച ചെയ്യാനും മാർഗനിർദ്ദേശങ്ങൾ സ്വീകരിക്കാനും ഈ അവസരം ഞാൻ പ്രയോജനപ്പെടുത്തുന്നതാണ്. ഞാൻ തിരിച്ചു വരുന്നതുവരെ പൊട്ടക്കൽ ബഹു. വർഗീസച്ചനായിരിക്കും അതിരൂപതയിലെ അത്യാവശ്യ കാര്യങ്ങൾ ശ്രദ്ധിക്കുന്നത്. എന്റെ പുതിയ ദൗത്യം വിജയകരമാകുവാൻ നിങ്ങളുടെ പ്രാർത്ഥനകൾ അഭ്യർത്ഥിക്കുന്നു. ഈശോയുടെ തിരുഹൃദയം നമ്മെയെല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹാശംസകളോടെ,

+ Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

**എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ**

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

..........................................

NB: ഈ സർക്കുലർ 2018 ജൂൺ 24-ാം തിയതി ഞായറാഴ്ച കുർബാന മദ്ധ്യേ നമ്മുടെ അതിരൂപതയിലെ എല്ലാ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലുംവായിക്കേണ്ടതാണ്.